**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2713** 07.12.2018-ലെ മറുപടിക്ക്

## അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര കോളനിയിൽ പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | അംബേദ്കർ ഗ്രാമപദ്ധതിയിൽ 267 കോളനികൾ തെരഞ്ഞെടുത്തു. 183 കോളനികൾക്ക് ഭരണാനുമതി നൽകി. 113 എണ്ണം പ്രവൃത്തി ആരംഭിച്ചു. |
| (ബി) | മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മണ്ഡലത്തിലെ കോട്ടാശ്ശേരി, മാനീരി കോളനികളിൽ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; | (ബി) | മാനീരി കോളനിയിലെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. കൊട്ടാശ്ശേരി പട്ടികജാതി കോളനിയിലെ പ്രവൃത്തി റീ ടെണ്ടർ ചെയ്ത് കഴിഞ്ഞു. |
| (സി) | ഈ പദ്ധതിക്ക് വേണ്ടി നീക്കിവെച്ച തുക ധനകാര്യവകുപ്പ് തിരിച്ച് പിടിച്ചത് മൂലമാണോ പദ്ധതി തുടങ്ങാൻ സാധിക്കാത്തതെന്ന് വ്യക്തമാക്കാമോ; | (സി) | അല്ല |
| (ഡി) | കൊണ്ടോട്ടി മണ്ഡലത്തിലെ മേൽ കോളനികളിലെ പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ? | (ഡി) | രണ്ട് കോളനികളിലെയും പ്രവൃത്തികൾ ആരംഭിക്കുന്നതിന് നിലവിൽ പ്രതിബന്ധങ്ങൾ ഒന്നുംതന്നെയില്ല. |

സെക്ഷൻ ഓഫീസർ